# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR-P4-1221/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 24/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-P4-1221/2021 തീയ്യതി: 24/03/2022

# തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ.പി.എ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സീനത്ത്. പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിദ്യ.ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത് പി.ആർ, ഓഡിറ്റർ
ശ്രീമതി. ബിന്ദു.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബൈന പ്രതീപ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| പി.വൈ.സാജിത | സെക്രട്ടറി | 01-04-2019 | 29-07-2019 |
| ടി.എഫ്.സെബാസ്റ്റ്യൻ | സെക്രട്ടറി | 30-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുജ ടീസ | അസി.സെക്രട്ടറി | 01-04-2019 | 27-07-2019 |
| ഷാജി.ആർ.എസ് | അസി.സെക്രട്ടറി | 28-07-2019 | 31-03-2020 |
| സിമി | അസി.എഞ്ചിനീയർ | 01-04-2019 | 20-07-2019 |
| സഖി.എ.എൽ | അസി.എഞ്ചിനീയർ | 21-07-2019 | 31-03-2020 |
| റുബീന.സി.എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| വിമൽ.സി.വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.നിധീഷ്.കെ.വി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2019 | 31-03-2020 |
| ജീന.ജി.നാഥ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ലാലി.കെ.എസ്. | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-05-2019 |
| മിനിബായി | ഹെഡ്മിസ്ട്രസ് | 01-06-2019 | 31-03-2020 |
| സലോമി.കെ.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ബാബു.ഇ.ഐ | വി.ഇ ഒ. എടമുട്ടം | 01-04-2019 | 28-09-2019 |
| മനീഷ്.സി.കെ | വി.ഇ ഒ. എടമുട്ടം | 29-09-2019 | 31-03-2020 |
| പ്രജിത പ്രകാശ്.കെ | വി.ഇ ഒ. എടത്തിരുത്തി | 01-04-2019 | 26-09-2019 |
| മഞ്ജു.പി.എം | വി.ഇ ഒ. എടത്തിരുത്തി | 27-09-2019 | 31-03-2020 |
| ഡോ.ദിവ്യ എൻ.എസ്, | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ജിനചന്ദ്രൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: Ranjith P.R (Auditor, On 17-08-2021) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 24-03-2022) | 1-11 |
| 12 | വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-12 |
| 13 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-13 |
| 14 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-14 |
| 15 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-15 |
| 16 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-16 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-17 |

| | | |
|---|---|---|
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി- " Liability In Respect Of Stale Cheque"- Total Poverty Alleviation Programmes ശീർഷകത്തിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-19 |
| 20 | എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-20 |
| 21 | ജേണൽ വൗച്ചർ - ആധികാരിക രേഖകൾ ഇല്ല<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-21 |
| 22 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ -തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ഇല്ല- അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 10-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 24-03-2022) | 1-22 |
| 23 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല<br>Written By: Ranjith P.R (Auditor, On 10-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-23 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.<br>Written By: Nirmal K G (Audit Officer, On 16-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-24 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 24-03-2022) | 1-25 |
| 26 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Ranjith P.R (Auditor, On 17-08-2021)<br>Last Updated By: P.A.Seenath (Audit Officer, On 18-08-2021) | 1-26 |
| 27 | വിമുക്ത ഭടൻമാർക്കുള്ള നികുതിയിളവ്-വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.<br>Written By: Ranjith P.R (Auditor, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-12-2021) | 1-27 |
| 28 | വസ്തു നികുതി -തെറ്റായി നിർണ്ണയിച്ച് കുറവ് നികുതി ഈടാക്കി<br>Written By: Ranjith P.R (Auditor, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-28 |
| 29 | റദ്ദാക്കിയ മണ്ണ് ലേലം-തുക തിരിച്ചു നൽകുകയോ ലയബിലിറ്റി ഹെഡിലേക്കു മാറ്റുകയോ ചെയ്തിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-29 |
| 30 | കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. 123791/-തടസ്സപ്പെടുത്തുന്നു.<br>Written By: Nirmal K G (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-30 |
| 31 | കാളിക്കുട്ടി സ്മാരകനിലയത്തിലെ ജനറേറ്റർ പ്രവർത്തനക്ഷമമല്ല.<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-31 |
| 32 | ഹരിതഭവനം പദ്ധതി -അപാകതകൾ<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-32 |
| 33 | നെൽകൃഷി കൂലിചെലവ് -അപാകതകൾ<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-33 |
| 34 | കമ്പ്യൂട്ടർ മറ്റു അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പ്രിന്റർ ലഭ്യമായിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-34 |

| | | |
|---|---|---|
| 35 | കേട് വന്നതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങ് വെട്ടി മാറ്റി പകരം പുതിയ തൈകൾ വെക്കൽ-റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-35 |
| 36 | ABC പ്രോജക്റ്റ് ജില്ലാ പഞ്ചായത്ത് വിഹിതം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-36 |
| 37 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- രശീതി, കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 15-08-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 23-08-2021) | 1-37 |
| 38 | കുരുമുളക് തൈ വിതരണം -വ്യത്യസ്ത നിരക്കിൽ വാങ്ങി.<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-38 |
| 39 | ഉപയോഗശൂന്യമായ പൈപ്പുകൾ നീക്കം ചെയ്യൽ - പദ്ധതി അപാകതകൾ<br>Written By: Vidhya O.K (Senior Grade Auditor, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-39 |
| 40 | കന്നുകുട്ടിപരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-40 |
| 41 | സാന്ത്വന പരിചരണ പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-41 |
| 42 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: P.A.Sivan (Audit Officer, On 16-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-42 |
| 43 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Nirmal K G (Audit Officer, On 16-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 1-43 |
| 44 | ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല<br>Written By: P.A.Sivan (Audit Officer, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-44 |
| 45 | മോണിറ്ററിങ് റിപ്പോർട്ട് ഭാഗികമായി മാത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല<br>Written By: P.A.Sivan (Audit Officer, On 17-08-2021)<br>Last Updated By: Jomon E K (Asst. Audit Officer, On 24-03-2022) | 1-45 |
| 46 | പദ്ധതി നിർവഹണവും പദ്ധതിചെലവും<br>Written By: P.A.Sivan (Audit Officer, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-46 |
| 47 | മിൽമ അയ്യപ്പൻകാവ് ക്ഷേത്രം റോഡ് കാന കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം വ്യക്തമാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-47 |
| 48 | തൊഴിലുറപ്പുപദ്ധതി<br>Written By: P.A.Sivan (Audit Officer, On 17-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-48 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 20-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 24-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Nirmal K G (Audit Officer, On 09-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 24-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം/തിയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 04-02-2019 | 1(1)/04.02.2019 | 163503364 | 155133665 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21-3-2020 | 1(1) | 221504750 | 203742180 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2020 | 09-7-2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25476258.30 |
| വരവ് | 66475732.00 |
| ആകെ | 91951990.30 |
| ചെലവ് | 62028756.00 |
| നീക്കിയിരിപ്പ് | 29923234.30 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 19810353 | 19810353 | 9911395 | 9898958 |
| വികസനഫണ്ട്-എസ് സി പി | 0 | 14613412 | 14613412 | 10614767 | 3998645 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | 0 | 16588000 | 16588000 | 4851971 | 11736029 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 3962000 | 3962000 | 2310751 | 1651249 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10248526 | 10248526 | 3142195 | 7106331 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 220 | 109994032 | 120 | 45594105 | 7 | 93 | 41.45 |

### 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 40320 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 1034400 | 261 |
| വിധവാ പെൻഷൻ | 5199000 | 1534 |
| വാർദ്ധക്യകാലപെൻഷൻ | 7656300 | 2753 |
| വികലാംഗ പെൻഷൻ | 1128800 | 343 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 312600 | 100 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2021 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3831 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 76979 | 1132552 +1125(stale Cheque) | 1209531 + 1125 | 1208140 * | 2516 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 14935318 | 14935318 | 14935318 | - |

* 18736/- Refunded To Mission Director

വാർഷിക കണക്കുകളുമായി മേൽപ്പറഞ്ഞ കണക്കുകൾ പൊരുത്തപ്പെടാത്തതിന്റെ വിവരം ഖണ്ഡിക.1-19ൽ പരാമർശിച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യോഗസ്ഥരുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. മീറ്റിംഗ് മിനിറ്റ്സുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നുണ്ട്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3103465 | 3090998 | 30611 | 7765 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3103465 | 3068965 | 30611 | *7771 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(8160/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-12 വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 0 | 15 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *0 | 0 | **0 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (0/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (0/105X100)=0, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1568118 | 1562421 | 13861 | 18496 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1568118 | 1559440 | 13861 | *18516 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 19442/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 158038 | 0 | 158038 | 157012 | 1 | 157013 | 1719 | 0 | 395 | 0 | 395 |
| | നോൺ-റെസിഡൻഷ്യൽ | 80489 | 0 | 80489 | 78791 | 0 | 78791 | 711 | 0 | 946 | 0 | 946 |
| | ആകെ | | | 238527 | | | 235804 | 2430 | | 1341 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 0 | | | 234936 | | | | 0 | 1341 | | |
| | | ലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.ഡിമാന്റ്, കളക്ഷൻ, മുൻഇർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 234936/-രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 235804/-രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഡിസിബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയാണ്.

## 1-15 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 321 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം (01.04.2019 എന്നീ തീയ്യതിയിൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

## 1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല. ഉദാഹരണം റോഡുകളുടെ മൂല്യം നിർണയിക്കുന്ന കാര്യത്തിൽ 1995 മുതൽക്കുള്ള നിർമാണച്ചെലവ്, അറ്റകുറ്റപ്പണിക്ക് വേണ്ടി വന്ന ചെലവ്, വാർഡ് നം., തേയ്മാനം എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥിരാസ്തികളുടെ മൂല്യത്തിന്റെ ആധികാരികത നിർണയിക്കുന്നതിന്റെ സാധുത ഉറപ്പുവരുത്തുന്നത് ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

## 1-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4446976/-രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7192409/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-19 തൊഴിലുറപ്പ് പദ്ധതി- " Liability In Respect Of Stale Cheque"- Total Poverty Alleviation Programmes ശീർഷകത്തിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 16123597/-രൂപയും16124722/-രൂപയാണ്.1125/-രൂപയുടെ ചെക്കുകൾ " Liability In Respect Of Stale Cheque"എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് ക്രമീകരിച്ചത് Total Poverty Alleviation Programmes ശീർഷകത്തിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-20 എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (85558) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 903 |
| 280200401-Other Income | (58276) |
| 280800201-Prior Period- Administrative Expenses | 37738 |
| 280800301- Prior Period-Operations And Maintenance Expenses | (3638) |
| 280800501- Prior Period-Programme Expenses | (193206) |

## 1-21 ജേണൽ വൗച്ചർ - ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ -തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ഇല്ല-അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2020 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700104 | Contributions For Joint Venture Projects(Capital Expenditure) From Block Panchayath | 850721 | 450650109 | Treasury Spl TSB-Joint Venture-799011400001331 | 2882870 |
| 2 | 320700105 | Contributions For Joint Venture Projects(Capital Expenditure)from District Panchayath | 827200 | | | |
| 3. | 320700204 | Contributions For Joint Venture Projects(Revenue Expenditure) From Block Panchayath | 1235987 | | | |
| | | Total | 2913908 | | | |

## 1-23 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

Account No.TDCB,Katoor-10728012256

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 014090 | 27.03.2019 | 759 |
| 011478 | 10.10.2018 | 896 |

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | S0228/20, ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകൾ നീക്കം ചെയ്യൽ | 21900331/10.07.2019 | 63000/- | 253100101-Drinking Water Related Projects-General | 460500201-Advance To Implementing Agencies-KWA |

## 1-25 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. എടത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 2019-20 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൻ പ്രകാരം ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെഎണ്ണം |
|---|---|---|
| 1 | അൽബാൻ ട്രാവൽ ഏജൻസി | 5 |
| 2 | കൈതപ്പള്ളി ഇന്റസ്ട്രീസ്, ചെന്ത്രാപ്പിന്നി | 5 |
| 3 | ഇൻഡ്യൻ ഫാം ആയുർവേദ മരുന്ന നിർമ്മാണം | 6 |
| 4 | മാവേലി സ്റ്റോർ | 4 |
| 5 | ആലപ്പാട്ട് പാലത്തിങ്കൽ പി എം സി ചെന്ത്രാപ്പിന്നി | 5 |
| 6 | മർവ്വ ഫാമിലി റസ്റ്റോറന്റ് | 9 |
| 7 | തട്ടിൽ ഏജൻസീസ് | 5 |
| 8 | ഹൈസൺ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് | 4 |
| 9 | വാർപ്പ് ബ്രിക്സ് & ബിൽഡിങ്ങ് മെറ്റീരിയൽസ് | 5 |
| 10 | ബ്രൈറ്റ് ഹോളോ ബ്രിക്സ് | 4 |
| 11 | കാർ വേൾഡ് സർവീസ് സെന്റർ | 8 |
| 12 | ലീ- എക്സ് ക്രിയേഷൻസ് | 6 |
| 13 | ശ്രദ്ധ ജൈവ വള സംരഭ യൂണിറ്റ് | 5 |
| 14 | മാണിയത്ത് ഗോൾഡ് വർക്സ് | 6 |

ഇതിൽ മാവേലി സ്റ്റോറിൽ നിന്നും ഒരു ജീവനക്കാരന്റെയും (രണ്ടാമത്തെ അർദ്ധ വർഷം) ആലപ്പാട്ട് പാലത്തിങ്കൽ പി എം സി എന്ന സ്ഥാപനത്തിലെ രണ്ട് ജീവനക്കാരുടെയും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/11.08.2021) കോവിഡ് മൂലമുള്ള ലോക്ക്ഡൌൺ കാരണം തൊഴിലാളികൾ പലരും തുടർച്ചയായി സ്ഥാപനങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നതായും തുടർച്ചയായി 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യിട്ടില്ല എന്ന അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് മൂലമുള്ള ലോക്ക്ഡൗൺ ആരംഭിക്കുന്നത് 2020 മാർച്ച് അവസാനമാണ്. ആയതിനാൽ ടി മറുപടി അംഗീകരിക്കാനാവില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ജയ ഫുഡ് പ്രോഡക്ട്സ് | II |
| 2 | കെ എസ് ഇ ബി | II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/11.08.2021) ജയ ഫുഡ് പ്രോക്ട്സ് എന്ന സ്ഥാപനം കോവിഡ് ലോക്ക്ഡൗൺ കാരണം

അടഞ്ഞു കിടക്കുകയായിരുന്നുവെന്നും കെ എസ് ഇ ബി സബ്സെന്റർ 2019-20 സാമ്പത്തിക വർഷത്തിന്റെ രണ്ടാം അർദ്ധപാദത്തിൽ നിർത്തലാക്കിയെന്നും തൊഴിലാളികളെ പുനർ വിന്യസിച്ചുവെന്നും മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് മൂലമുള്ള ലോക്ക്ഡൌൺ ആരംഭിക്കുന്നത് 2020 മാർച്ച് അവസാനമാണ്. ജയ ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3. പഞ്ചായത്തിലെ പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് A9-4042/05.03.2020 അസി. എഞ്ചിനീയർക്ക് കത്ത് (A9-4042/05.03.2020) അയച്ചിരുന്നു. എന്നാൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/11.08.2021) പല കരാറുകാരും മറ്റു പല പഞ്ചായത്തിലും കരാർ ജോലി എടുക്കുന്നതിനാൽ ആ പഞ്ചായത്തുകളിൽ നികുതി അടവാക്കിയിട്ടുണ്ട് എന്ന് അസി.എഞ്ചിനീയർ അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കരാറുകാർ വേറെ പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ അല്ലാത്തപക്ഷം തൊഴിൽ നികുതി ഇവരിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-26 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.8/11.08.2021) 21.02.2018 ലെ 7(7) നമ്പർ തീരുമാനപ്രകാരം ഇത്തരത്തിൽ തീരുമാനം എടുത്തിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളും ജീവനക്കാരുടെ എണ്ണവും ചേർത്തിട്ടില്ല. പഴയ മാതൃകയിലുള്ള അപേക്ഷകളാണ് പല സ്ഥാപനങ്ങളും ഉപയോഗിച്ചിട്ടുള്ളത്. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വിമുക്ത ഭടൻമാർക്കുള്ള നികുതിയിളവ്-വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

26.05.2017 ലെ സ.ഉ(കൈ) നം.106/2017/തസ്വഭവ പ്രകാരം വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും നികുതി ഒഴിവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2019-20, സാമ്പത്തിക വർഷത്തിൽ സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം ആകെ 92 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 47 പേർ മാത്രമേ അപേക്ഷകൾ സമർപ്പിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കിയതായി കാണുന്നുള്ളൂ.

വിമുക്ത ഭടൻമാരുടെ നികുതി ഒഴിവ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങൾ Exemption Period Continue Status ൽ കിടക്കുന്നതുകൊണ്ടാണ് ഈ അപാകത സംഭവിച്ചിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (24/12.08.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

## 1-28 വസ്തു നികുതി -തെറ്റായി നിർണ്ണയിച്ച് കുറവ് നികുതി ഈടാക്കി

3-ാം വാർഡിലുള്ള ശ്രീ.ജോസഫ്.വി.ഐ എന്ന വ്യക്തിയുടെ വ്യാവസായിക ഗണത്തിൽപ്പെട്ട 3/363 കെട്ടിടത്തിന് സ്പ്ലിറ്റ് നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഫയൽ (A4-394/2019) പരിശോധിച്ചതിൽ നിന്നും ടിയാന്റെ ഉടമസ്ഥതയിലുള്ള 3/361 (155 ച.മീ), 3/365 (118 ച.മീ) എന്നീ കെട്ടിടങ്ങൾ 2019-20 ആദ്യ പാദം മുതൽ തെറ്റായിട്ടാണ് അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. 100 ച.മീ ന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 50/- രൂപ നിരക്കിലാണ് പഞ്ചായത്തിൽ നികുതി ഈടാക്കുന്നത്. എന്നാൽ 3/361, 3/365 എന്നീ കെട്ടിടങ്ങൾക്ക് 30/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്.

ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/12.08.2021) മേൽ പറഞ്ഞ കെട്ടിടങ്ങൾക്ക് 50/- രൂപ നിരക്കിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് ശ്രീ.വി.ഐ.ജോസഫിന് കത്തു നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് 50/- രൂപ നിരക്കിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 റദ്ദാക്കിയ മണ്ണ് ലേലം-തുക തീരിച്ചു നൽകുകയോ ലയബിലിറ്റി ഹെഡിലേക്കു മാറ്റുകയോ ചെയ്തിട്ടില്ല.

06.05.2019 ൽ നടന്ന രണ്ടാം വാർഡിലെ കട്ടമംഗലം-മിൽമ അയ്യപ്പൻകാവ് റോഡ് നിർമ്മാണത്തിലെ മണ്ണ് 21100/- രൂപയ്ക്കും ആറാം വാർഡിലെ കോഴിത്തുമ്പ് റോഡ് കാന നിർമ്മാണത്തിലെ മണ്ണ് 21500/- രൂപക്കും പി കെ ഇബ്രാഹിം എന്ന വ്യക്തിക്ക് ലേലം അംഗീകരിച്ചു നൽകിയിട്ടുള്ളതും, ടിയാൻ 06.05.2019 ലെ 119010100598, 119010100599 നമ്പർ രസീതുകൾ പ്രകാരം യഥാക്രമം 26109/- രൂപയും 26585/- രൂപയും പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതുമാണ്. പിന്നീട് 09.05.2019 ലെ 9/9(1) തീരുമാനപ്രകാരം കട്ടമംഗലം-മിൽമ അയ്യപ്പൻകാവ് റോഡ് നിർമ്മാണത്തിലെ മണ്ണ് ലേലം റദ്ദാക്കിയിട്ടുള്ളതും പ്രസ്തുത തുക ടിയാന് തിരിച്ചു നൽകാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. എന്നാൽ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഡി സി ബി സ്റ്റേറ്റ്മെന്റിൽ റദ്ദാക്കിയ ലേലത്തിന്റെ തുകയായ 21100/- ആണ് 21500/- ന പകരം കളക്ഷൻ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20 വർഷത്തെ യഥാർത്ഥ കളക്ഷൻ 25600/- രൂപയാണ് (ഡി സി ബി സ്റ്റേറ്റ്മെന്റിൽ 25200/- രൂപയാണ്)

09.05.2019 ലെ 9/9(1) തീരുമാനപ്രകാരം ശ്രീ പി കെ ഇബ്രാഹിമിന് തിരിച്ചു നൽകേണ്ട തുകയായ 26109/- രൂപ നാളിതു വരെയായും ടിയാൻ കൈപ്പറ്റുകയോ ടി തുക ലയബിലിറ്റി ഹെഡിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (09/11.08.2018), ക്ലറിക്കൽ പിശക് പറ്റിയതാണെന്നും അക്കൗണ്ട്സിൽ യഥാർത്ഥ തുകയാണ് കണക്കിലെടുത്തിട്ടുള്ളതെന്നും തിരിച്ചു നൽകേണ്ട തുക ലയബിലിറ്റി ഹെഡിലേക്ക് മാറ്റി ക്രമപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. 123791/-തടസ്സപ്പെടുത്തുന്നു.

വിവിധ ആവശ്യങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും കൈമാറിയ തുകകളുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. തി | തുക | തുക കൈമാറിയതിന്റെ വിവരം |
|---|---|---|---|
| 1 | 21901313/15.02.20 | 10000/- | "പ്രത്യാശ2020" എന്ന ലഹരി വിമുക്ത പുതുവത്സരാഘോഷ പ്രോഗ്രാമിന് വേണ്ടി കൺവീനർ പ്രത്യാശ2020 ന് കൈമാറിയിട്ടുണ്ട്. |
| 2 | 21900735/19.10.19 | 70791 | ലൈബ്രറി സെസ്സിനത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കൈമാറിയത് |
| 3 | 21901234//01.02.20 | 18000/- | പഞ്ചായത്ത് ദിനാഘോഷം ജനറൽ കൺവീനർക്ക് നൽകിയത് (വയനാട് പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ) |
| 4 | 21901163/25.01.20 | 25000/- | പഞ്ചായത്ത് ഭവൻ നവീകരണത്തിന് വേണ്ടി ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിക്ക് കൈമാറിയത് |
| | | 123791 | |

മേൽ പ്രകാരം ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രശീത് ആവശ്യപ്പെട്ട് 53/17.08.21 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.കൈപ്പറ്റ് രശീത് ഹാജരാക്കുന്നത് വരെ ചെലവഴിച്ച തുക 123791/- തടസ്സപ്പെടുത്തുന്നു. ചെലവുചെയ്ത 123791/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 കാളിക്കുട്ടി സ്മാരകനിലയത്തിലെ ജനറേറ്റർ പ്രവർത്തനക്ഷമമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്റ്റ് നം.277/20
ബിൽ നം. തി -10/22.10.19-50563/- -(വൗച്ചർ നം. തി. 21900987/19.10.19)

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കാളിക്കുട്ടി സ്മാരകനിലയത്തിലെ ജനറേറ്റർ റിപ്പയർ ചെയ്യുന്നതിന് ഇൻവോയ്സ് നം. PTL/s1/250/24.10.18 പ്രകാരം 50563/രൂപ പാരമൗണ്ട് ട്രേഡ് ലിങ്ക്സ് പാലക്കാട് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. 2017- ൽ വാങ്ങിയ ജനറേറ്റർ 18-19 വർഷത്തെ പ്രളയത്തെ തുടർന്ന് പ്രവർത്തനരഹിതമാകുകയും റിപ്പയർ ചെയ്യുന്നതിന് മേൽപറഞ്ഞ സ്ഥാപനത്തെ ഏൽപ്പിക്കുകയുമാണുണ്ടായത്. എന്നാൽ തുക ചെലവഴിച്ചിട്ടും ജനറേറ്റർ നാളിതു വരെ പ്രവർത്തനക്ഷമമായിട്ടില്ല. ആയത് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി - 43/16.08.21)

## 1-32 ഹരിതഭവനം പദ്ധതി -അപാകതകൾ

പ്രോജക്റ്റ് നം. 210/21

വകയിരുത്തിയ തുക -വികസന ഫണ്ട് -100000/-

ബിൽ നം. തി. തുക-03/15.10.20 -57107/-
നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

മേൽ പദ്ധതി പ്രകാരം വളർത്തു മൃഗങ്ങളെയും, പക്ഷികളേയും കഴിയുന്നടത്തോളം വീട്ടുവളപ്പിൽ സംരക്ഷിച്ച്പരിപാലിക്കുന്നതിനും, ശാസ്ത്രീയമായ മൃഗപരിപാലന മുറകൾ അവലംബിക്കുന്നതിനും, വേണ്ടിയുള്ള ചെലവാണ് മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി മേൽ പദ്ധതി പ്രകാരം വലിയകത്ത് റഷീദ അബ്ദുൾറഷീദ്, കട്ടമംഗലം എന്ന ഗുണഭോക്താവിന് ഒരു വയസ്സ് പ്രായമുള്ള കിടാരിയെ വാങ്ങിയതിന് 7250/ രൂപ സബ്സിഡിയിനത്തിൽ കൈമാറിയിട്ടുണ്ട്. ഇപ്രകാരം സബ്സിഡി കൈമാറിയതിന് വിശദീകരണം ലഭ്യമാക്കണമെന്നവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം.-33/13.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ നൽകിയ സബ്സിഡി തുക 7250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 നെൽകൃഷി കൂലിചെലവ് -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ
പ്രോജക്റ്റ് നമ്പർ - 72/20

ബിൽ നമ്പർ, തിയതി - 2/20.5.20, തുക-177208/-

നെൽ കർഷകർക്ക് കൃഷി ചെയ്യുന്നതിന് കൂലി ചെലവ് നൽകുന്ന (ഹെക്ടറിന് 17000) പ്രോജക്റ്റ് പ്രകാരം തൻവർഷം 177208/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കൂലിയിനത്തിൽ ചെലവഴിച്ച തുകയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. മാത്രമല്ല ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1. രേഖ.ടി.ആർ., തുപ്രയാറ്റ്, എടത്തിരുത്തി - 13600/-

2. ഷൈല സുലാൽ, ചെമ്പനേഴത്ത് -15638/-

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 20/12.08.21 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂലിയിനത്തിൽ നൽകിയ തുക 177208/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 കമ്പ്യൂട്ടർ മറ്റു അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പ്രിന്റർ ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ

പ്രോജക്ട് നം. 188/21

ബിൽ നം. തി.തുക- 11/20.04.20 -68408/-

മേൽ പ്രോജക്ട് പ്രകാരം ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ, പ്രിന്റർ, 1KVA UPS എന്നിവ വാങ്ങുന്നതിന് (യഥാക്രമം 30786,14851,22771) 68408/- രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് പ്രൊഫോർമ ഇൻവോയ്സ് No.13829/TVM/ITBG/p1/RC/13829/19-20 Dt.14.01.20 പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന്റെ ഇൻവോയ്സ് നം.15000/23246/30.12.20 പ്രകാരം 21712 രൂപ വിലയുള്ള 1KVA UPS സിസ്റ്റം,ഇൻവോയ്സ് നം. PYS-120037091 Dt.18.12.20 പ്രകാരം 29374/ രൂപ വിലയുള്ള Acer Computer System എന്നിവ മാത്രമാണ് ലഭ്യമായിട്ടുള്ളത്. കെൽട്രോണുമായി എഗ്രിമെന്റ് വെക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. ബാക്കി തുക 17322/ രൂപ തിരികെ ലഭ്യമാക്കുകയോ, പ്രിന്റർ ലഭ്യമാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -34/13.08.21)

## 1-35 കേട് വന്നതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങ് വെട്ടി മാറ്റി പകരം പുതിയ തൈകൾ വെക്കൽ-റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ
പ്രോജക്ട് നം. 111/20

വകയിരുത്തിയ തുക -704550/-

ബിൽ നം. തി. തുക -

12/20.04.20 -96000

13/20.04.20 -96000

03/20.01.20-183000

01/20.01.20 -143000

02/20.01.20 -153000

മേൽ പ്രോജക്ട് പ്രകാരം കേട് വന്നതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങ് വെട്ടി മാറ്റി പകരം പുതിയ തൈകൾ വെക്കുന്നതിനും, തെങ്ങിൻ തൈകളുടെ വിലയായ 100/-രൂപയിൽ 50 രൂപ ധനസഹായം അനുവദിക്കുന്നതിനും വെട്ടി മാറ്റിയ തെങ്ങിന് 1000/- രൂപ വീതം ധനസഹായം നൽകുന്നതിനും ലക്ഷ്യമിടുന്നു. 671 പുതിയ തൈകൾ വാങ്ങി വിതരണം ചെയ്യുകയും 671 തെങ്ങിന് 1000/- രൂപ വീതംധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തെങ്ങുകൾ മുറിച്ചു മാറ്റിയത് സംബന്ധിച്ച കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (35/13.08.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നൽകിയതിന് ആധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-36 ABC പ്രോജക്റ്റ് ജില്ലാ പഞ്ചായത്ത് വിഹിതം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

പ്രോജക്ട് നം. 229/20

ബിൽ നം. 03/24.10.19 -210000/-

എടത്തിരിഞ്ഞി ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ജനന നിയന്ത്രണം നടത്തിഅവയുടെ എണ്ണം കുറക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 100 നായകൾക്ക് 2100 രൂപ വീതം 210000/- രൂപ കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി-36/13.08.21) വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-37 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- രശീതി, കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|
| 1/19-20- ഐ.കെ.എം വിഹിതം നല്കൽ | 90470/- | 90470/- | 16/ 04.09.2019 | ഐ.കെ.എം ന് തുക കൈമാറി | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 11/ 19-20 കാൻ തൃശ്ശൂർ വിഹിതം നല്കൽ | 80,000/ | 80,000/- | 20/ 28.9.2019 | ക്യാൻസർ രോഗനിർണ്ണയവും തുടർ ചികിത്സാസംവിധാനങ്ങളും സമഗ്രമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്. തുക ജില്ലാ പഞ്ചായത്തിന് കൈമാറി | രശീതി, തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. സംയുക്ത കരാറിലേർപ്പെട്ടിട്ടില്ല |
| 9/19-20 വിജ്ഞാൻ സാഗർ - ജില്ലാ പഞ്ചായത്തിന് വിഹിതം നല്കൽ | 50,000/- | 50,000/- | 7/ 12.07.2019 | വിദ്യാഭാസ ഗുണനിലവാരം ഉയർത്തുന്നതിന് - തുക വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി | രശീതി, തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | | | | പാർക്കിന് കൈമാറി | എന്നിവ ലഭ്യമായിട്ടില്ല. സംയുക്ത കരാറിലേർപ്പെട്ടിട്ടില്ല. |
| 8/19-20 കേരള സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന നല്കൽ | 1,00,000/- | 1,00,000/- | 17/ 04.09.2019 | പാലിയേറ്റീവ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് തുക കേരള സാമൂഹ്യ സുരക്ഷാമിഷന് കൈമാറി | രശീതി, തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. |

(ഓഡിറ്റ് എൻക്വയറി നമ്പർ 31/13.08.2021)

രശീതി, കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-38 കുരുമുളക് തൈ വിതരണം -വ്യത്യസ്ത നിരക്കിൽ വാങ്ങി.

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ
പ്രോജക്റ്റ് നം. 124/20

വകയിരുത്തിയ തുക -306815

ബിൽ നം. തി.തുക – 01/20.05.20-306815/-

മേൽ പദ്ധതി പ്രകാരം കുരുമുളക് തൈകൾ വിതരണം നടത്തുന്നതിന് വേണ്ടി ഇൻവോയ്സ് നം.MIDH-RF-4-15/19 Dt. 16.03.20 പ്രകാരം കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും 500 തൈകൾ 125/ രൂപ വീതം 62500/- രൂപക്കും ഇൻവോയ്സ് നം. KBK/EKM/PR/19-20/303/05.03.20, KBK/EKM/PR/19-20/242/14.02.20 എന്നിവ പ്രകാരം യഥാക്രമം 89 തൈകൾ @ 100, 2330 തൈകൾ @100 എന്നിവ VFPCK എറണാംകുളത്ത് നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരേ ഇനം തൈകൾ വ്യത്യസ്ത നിരക്കിൽ വ്യത്യസ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനാൽ 12500/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ നിന്നും മുഴുവൻ തൈകളും ലഭ്യമാക്കാത്തതുകൊണ്ടാണ് VFPCKയിൽ നിന്നും വാങ്ങേണ്ടി വന്നിട്ടുള്ളത്. യൂണിവേഴ്സിറ്റിയിൽ തുക അടച്ചിരുന്നതുമായിരുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (33/13.08.21) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല..

## 1-39 ഉപയോഗശൂന്യമായ പൈപ്പുകൾ നീക്കം ചെയ്യൽ - പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി നമ്പർ - 31/19-20

പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു. ടി തുക ഉപയോഗശൂന്യമായ വാട്ടർടാപ്പുകൾ നീക്കം ചെയ്ത് കുടിവെള്ള വിതരണം കാര്യക്ഷമമമാക്കുന്നതിനു വേണ്ടി വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി കൈമാറിയിട്ടുള്ളതാണ്.

| | |
|---|---|
| വൗച്ചർ നമ്പർ / ബിൽ നമ്പർ | 8/12.07.2019- തുക 63,000/- |
| | - 22601276/ 09.02.2021 തുക 4000/- |
| ആകെ | 67000/- |
| | |

ഇരിങ്ങാലക്കുട വാട്ടർ ഡിവിഷനിൽ നിന്ന് 67000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഡിമാന്റ് ചെയ്തിട്ടുണ്ട്. 2019-20 ലെ 228/19-20 പദ്ധതി പ്രകാരം 63000/- രൂപയും 2020-21ൽ 4000/- രൂപയും (ആകെ - 67000/-രൂപ) വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.

അപാകതകൾ

1. പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും കരാറിലെ വ്യവസ്ഥകൾ പൂർണ്ണമാക്കി എഴുതിച്ചേർത്തിട്ടില്ല.

2. പണി പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടില്ല.

3. പണി പൂർത്തീകരിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.

4. മേൽ ഡെപ്പോസിറ്റ് വർക്ക് നടത്തിയതിന് തുക കൈമാറിയതിന്റെ (63,000/- രൂപ+ 4000/- രൂപ ) വിവരങ്ങൾ 2019-20, 2020-21 അഡ്വാൻസ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

5. കൂടാതെ തുക നൽകിയത് തെറ്റായ ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ഖണ്ഡിക 1-24 ൽ സൂചിപ്പിച്ചിട്ടുണ്ട്.

ടി തുകയുടെ വിശദാംശം അഡ്വാൻസ് രജിസ്റ്ററിലും വാർഷിക കണക്കിൽ ആസ്തി ശീർഷകത്തിലും രേഖപ്പെടുത്താത്തതിനാലും തുടർവിനിയോഗം നിരീക്ഷിക്കുന്നത് അപ്രായോഗികമാണ്. മേൽ അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 45/17.08.2021)

## 1-40 കന്നുകുട്ടിപരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രോജക്റ്റ് നം. -106/20

ബിൽ നം. തി. 07/26.02.20-68750/-

ബിൽനം. തി. -04/22.01.20-162500/-

ബ്ലോക്ക് വിഹിതം -100000/-

53 കന്നുകുട്ടികളുടെ വിഹിതമായി 331250/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം തീറ്റവിതരണം ചെയ്യുന്ന ക്ഷീരവികസന സഹകരണ സൊസൈറ്റിയുടെ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ 19-20 വർഷം 22 ഗുണഭോക്താക്കൾക്ക് എടത്തിരുത്തി ക്ഷീരവികസന സൊസൈറ്റി വഴിയും 31 ഗുണഭോക്താക്കൾക്ക് ചെന്ത്രാപ്പിന്നി സൊസൈറ്റി വഴിയും തീറ്റ വിതരണം നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-41 സാന്ത്വന പരിചരണ പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്റ്റ് നം. 80/20

മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ നം.തി | തുക |
|---|---|---|---|
| 1 | PRF 3323/17.12.19<br>തുക-120100 | 19/19-20 /20.02.20-<br>തുക-76160/- | 20100 |
| 2 | PRF 3323/17.12.19<br>തുക-120100 | 5893707/13.01.20-<br>100000/- | 100000 |
| 3 | PRF 2718/25.11.19<br>തുക-200000 | 1666979/11.12.19 | 200000 |
| | ആകെ | | 320100 |

മരുന്ന് ലഭ്യമായതിന്റെ വിവരം അറിയിക്കുന്നതിന് 42/16.08.21 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്.

ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 27/12.08.21.)

## 1-43 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2019-20 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി ഓർജസ്,കാറളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (നം.17/11.08.2021) ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി.എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്.

2 ഗ്രാമപഞ്ചായത്തിൽ ചമച്ചിട്ടുള്ള കരാറുകളിലെല്ലാം കരാറിലെ ഏഴാം നിബന്ധന പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം പ്രവൃത്തി കാലയളവിന്റെ 20% വരെ കാലാവധി നീട്ടി നൽകാമെന്നും, തുടർന്നുവരുന്ന ആദ്യ മൂന്നു മാസത്തിന് PAC തുകയുടെ 1% നിരക്കിൽ പിഴ ഈടാക്കിക്കൊണ്ടും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും PAC തുകയുടെ 2% നിരക്കിലും പിഴ ഈടാക്കികൊണ്ട് പ്രവൃത്തി നിർവ്വഹിക്കാം എന്നാണ്. ഇത്തരത്തിൽ കരാർ ചമയ്ക്കുന്നത്. 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇതിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെതായ കാരണത്താൽ കരാർ കാലാവധി നീട്ടി നൽകുമ്പോൾ ആദ്യ പ്രാവശ്യം PAC തുകയുടെ 1% നിരക്കിൽ പിഴ ഈടാക്കികൊണ്ട് കരാർ സമയത്തിന്റെ 25% സമയം നീട്ടി നൽകാം. തുടർന്ന് ഒരു പ്രാവശ്യം കൂടി 25% അധിക സമയം 2% നിരക്കിൽ പിഴ ഈടാക്കികൊണ്ട് കരാർ ദീർഘിപ്പിക്കാം. യാതൊരു കാരണവശാലും 50%ൽ അധികം സമയം നീട്ടി അനുവദിക്കുവാൻ പാടുള്ളതല്ല.
പുതുക്കിയ KPWD മന്വൽ ത.സ്വ.ഭ.വ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ളതിനാൽ ആയതിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് ഭാവിയിൽ കുറ്റമറ്റരീതിയിൽ കരാർ ചമയ്ക്കുവാനും, കരാർ നടപടിക്രമങ്ങൾ പാലിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-45 മോണിറ്ററിങ് റിപ്പോർട്ട് ഭാഗികമായി മാത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല

13 ാം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.( കൈ)11/18/ത.സ്വ.ഭ.വ.തിരുവനന്തപുരം തീയ്യതി 20/1/18 ) 13.1 ഖണ്ഡിക അനുസരിച്ച് അതാതു വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തണമെന്ന് നിർദേശിക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പ് ആയി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും സമർപ്പിക്കേണ്ടതുമാണ്. പക്ഷെ 2019-20 ൽ 12/7/19 വരെ ട്രഷറിയിൽ ബിൽ സമർപ്പിച്ച പ്രൊജക്റ്റുകൾ ഒഴികെ മറ്റുള്ളവയിൽ ഭാഗികമായി മാത്രമാണ് മോണിറ്ററിങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, മോണിറ്ററിങ് നടത്തിയതിന്റെ വിവരം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പുകൾ അവർക്ക് നിക്ഷിപ്തമായ ചുമതലകൾ ആധികാരികമായി നിർവഹിക്കുവാൻ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-46 പദ്ധതി നിർവഹണവും പദ്ധതിചെലവും

സാമ്പത്തികവർഷം 95 മരാമത്ത് പ്രജക്റ്റുകൾ ആവിഷ്കരിച്ചുവെങ്കിലും അവയിൽ 31 പ്രൊജക്റ്റുകൾക്ക് മാത്രമാണ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത് (32.63%). 46786804 രൂപയുടെ അടങ്കൽ വകയിരുത്തിയെങ്കിലും 9388851 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ (20.07%). സാമ്പത്തികവർഷാവസാനം കോവിഡ് രോഗം രംഗപ്രവേശം ചെയ്തുവെങ്കിലും താരതമ്യേന കുറഞ്ഞതുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആകെ 20.07% പട്ടികജാതിവിഭാഗങ്ങൾ താരതമ്യേന കൂടുതലുള്ള ഈ ഗ്രാമപഞ്ചായത്തിൽ അവർക്കായി 3419737രൂപ അടങ്കൽ വകയിരുത്തിയെങ്കിലും ഒരു രൂപ പോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ജനറൽ വിഭാഗക്കാർക്ക് 10031600 രൂപ പദ്ധതി വിഹിതം വകയിരുത്തിയെങ്കിലും 789342 രൂപ മാത്രമേചെലവഴിച്ചുള്ളൂ, അതായത് 7.87% മാത്രം സാമ്പത്തികവർഷത്തിലെ ഓരോ പാദത്തിലും ചിട്ടയായ ആസൂത്രണത്തോടെ തുക ചെലവഴിക്കാൻ ശ്രമിക്കുകയാണെങ്കിൽ കൂടുതൽ പ്രൊജക്റ്റുകൾക്ക് കൂടിയ ശതമാനനിരക്കിൽ പദ്ധതിപ്പണം വിനിയോഗിക്കാൻ കഴിയുന്നതാണ്. ആയതിനാൽ വരും വർഷങ്ങളിൽ വ്യക്തമായ മുൻധാരണയോടെ പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ശ്രദ്ധ പ്രത്യേകമായും ചെലുത്തേണ്ടതാണ്.

## 1-47 മിൽമ അയ്യപ്പൻകാവ് ക്ഷേത്രം റോഡ് കാന കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം വ്യക്തമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് സമിതിയുടെ 9/5/19 ലെ 9(10) നമ്പർ തീരുമാനത്തിൽ രണ്ടാം വാർഡിലെ മിൽമ അയ്യപ്പൻകാവ് ക്ഷേത്രം റോഡിന്റെ പരിസരത്ത് കാന കുഴിച്ചെടുത്തപ്പോൾ ലഭിച്ച 100$m^3$ മണ്ണ് ലേലം വിളിച്ച വ്യക്തി ടി സ്ഥലത്ത് അത്രയും മണ്ണ് ഇല്ല എന്ന് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അസി.എൻജിനീയർ നൽകിയ മറുപടിയിൽ പല ഭാഗത്തായി നിക്ഷേപിച്ചിരുന്ന മണ്ണ് സമീപദിവസമുണ്ടായ മഴയിൽ കുറെ ഒലിച്ചുപോയതായി സൂചിപ്പിച്ചിട്ടുണ്ട്. അവശേഷിച്ച മണ്ണ് എപ്രകാരം ഉപയോഗിച്ചു എന്ന വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ 18/11.8.21 നൽകിയപ്പോൾ ലഭ്യമാക്കിയ അളവുപുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം കാട്ടികളം അനിൽകുമാറിന്റെ പറമ്പിൽ 100$m^3$ കൂട്ടിയിട്ടിരിക്കുന്നുണ്ട് എന്ന് കാണുന്നു. അവശേഷിച്ച മണ്ണ് എത്ര എന്നതിന്റെ വ്യക്തവും കൃത്യമായതുമായ കണക്ക് അളവുപുസ്തകത്തിൽ രേഖപ്പെടുത്താത്തതിനാൽ ആയത് എപ്രകാരം ഉപയോഗിച്ചു എന്നതിന്റെ ആധികാരികമായ രേഖകൾ എത്രയും വേഗം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-48 തൊഴിലുറപ്പപദ്ധതി

മുന്നിരിപ്പടക്കം തൻവർഷം ലഭ്യമായ 16145974 രൂപയിൽ 16143458 രൂപ ചെലവഴിച്ചിട്ടുണ്ട്. 807 പ്രൊജക്ടുകൾ തൻവർഷം ആവിഷ്കരിച്ചുവെങ്കിലും 147 എണ്ണം മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 155 കുടുംബങ്ങൾക്ക് തൻവർഷം നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചിട്ടുണ്ട്. തൻവർഷം അഞ്ച് സ്ഥിരാസ്ഥികൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. നീർത്തട, ജലസേചന പദ്ധതികൾക്കാണ് തൻവർഷം കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്. റോഡ് നിർമാണത്തിനായി 418570 രൂപയും അങ്കണവാടി നിർമാണത്തിനായി 364535 രൂപയും തൻവർഷം ചെലവഴിക്കുകയുണ്ടായി.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | | 500000 | അംഗൻവാടി പോഷകാഹാര വിതരണ പരിപാടി(ജനറൽ) | 500000 | 0 |
| | | 1715968 | ലൈഫ് പദ്ധതി(എസ് സി) | 479793 | 1236175 |
| | | 550750 | ലൈഫ് പദ്ധതി (ജനറൽ) | 550750 | 0 |
| | | 300000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ധനസഹായം | 300000 | 0 |
| | | 200000 | സാന്ത്വന പരിചരണ പദ്ധതി | 200000 | 0 |
| | | 250000 | വി ആർ എസ് റോഡ് മെറ്റലിംഗ് & ടാറിംഗ് | 0 | 250000 |
| | | 400000 | അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 400000 |
| | | 100000 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി | 100000 | 0 |
| | | 853545 | ലൈഫ് പദ്ധതി (എസ് സി-SO) | 853545 | 0 |
| | | 500000 | ചെങ്ങനാൽ റോഡ് ഫില്ലിംഗ്(SO) | 0 | 500000 |
| | | 50721 | നേതാജി റോഡ് കാന നിർമ്മാണവും റീടാറിങ്ങും(SO) | 0 | 50721 |
| | | 300000 | ചിറക്കൽ ഉപ്പൂത്തി റോഡ് മെയിന്റനൻസ് | 0 | 300000 |
| | | 250000 | 12 പി ബി റോഡ് ഫില്ലിംഗ്,സോളിംഗ്,മെറ്റലിംഗ്, ടാറിംഗ് | 0 | 250000 |
| | | 80261 | ലൈഫ് പദ്ധതി(ജനറൽ) SO | 80261 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 300000 | അംഗൻവാടി പോഷകാഹാര വിതരണ പരിപാടി(ജനറൽ) | 0 | 300000 |
| | | 1475000 | ലൈഫ് പദ്ധതി(ജനറൽ) | 419422 | 1055578 |

| | | | |
|---|---|---|---|
| 200000 | സാന്ത്വന പരിചരണ പദ്ധതി | 200000 | 0 |
| 1500000 | കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി PHC നവീകരണം | 672800 | 827200 |
| 1000000 | ചാമക്കാല ഐ എച്ച് ഡി പി വികസനം | 0 | 1000000 |

ഫണ്ട് വിനിയോഗം സംബന്ധിച്ച നീക്കിയിരിപ്പ് തുക വാർഷിക കണക്കിലെ B4 പട്ടികയുമായി പൊരുത്തപ്പെടാത്തതിന്റെ കാരണം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.ഡബ്ലിയു.എ | ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യൽ(S0228/20) | 63000 | 0 | 63000 |

കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയതിൽ 634862രൂപ ചെലവഴിക്കാൻ ബാക്കിയുണ്ടായതിൽ (B4 പട്ടിക) 63000/-രൂപ മാത്രമേ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നുള്ളൂ എന്നാണ് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരം. അതുപോലെ തന്നെ KSEBയ്ക്ക് നൽകിയ തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന 2586656 രൂപയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളെല്ലാം എത്രയും വേഗം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | തൻ വർഷ വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഹഡ്കോ | | 540000 | 7989617 | 838235 | 7691382 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-20 | 2.8 | 2002-03 | 3-5 | വൈദ്യുതി ലൈൻ വലിക്കൽ നടപ്പിലാക്കിയത് സംബന്ധിച്ച് രേഖകളുടെ അടിസ്ഥാനത്തിൽ തുക തടസ്സപ്പെടുത്തിയത് | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2009-20 | 2.8 | 2003-04 | 3-2 | തെരുവ് വിളക്ക് ലൈൻ വലിച്ച് വെളിച്ചം എത്തിക്കൽ പദ്ധതി നടപ്പിലാക്കിയതായി കാണുന്നില്ല | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2009-20 | 2.8 | 2003-04 | 2-10(9) | കൃഷി ഓഫീസർ ചെലവ് കണക്കുകൾ ഹാജരാക്കിയിട്ടില്ല. | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66475732.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62028756.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 308249/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 123791/- | ടി.എഫ്.സെബാസ്റ്റ്യൻ,സെക്രട്ടറി |
| 1-32 | 7250 | റുബീന .സി.എം.,കൃഷി ഓഫീസർ |
| 1-33 | 177208 | റുബീന.സി.എം,കൃഷി ഓഫീസർ |
| | 308249/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, ഉദ്യോഗപ്പേര് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റുബീന സി എം, കൃഷി ഓഫീസർ | എടത്തുരുത്തി ഗ്രാമ പഞ്ചായത്ത് | തോട്ടു പറമ്പത്ത് വീട്, ചളിങ്ങാട് പി ഒ, 680681 |
| ടി.കെ.സെബാസ്റ്റ്യൻ സെക്രട്ടറി | ലഭ്യമല്ല | ലഭ്യമല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| 1981-82 | “ |
| 1982-83 | “ |
| 1983-84 | “ |
| 1984-85 | “ |
| 1985-86 | “ |
| 1986-87 & 1987-88 | “ |
| 1988-89, 89-90 & 1990-91 | “ |
| 1991-92 | “ |
| 1992-93 & 1993-94 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| 1996-97 | എൽ.എഫ്.ടി.പി.3-42/14 തീ.3.4.2014 |
| 1997-98 | |
| 1998-99 | |
| 99-2000 ചെലവ് | |
| 99-2000 വരവ് | |

| | |
|---|---|
| 2000-01 | |
| 2000-01, 01-02 പ്ലാൻ | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 05-06 | എൽ.എഫ്.ടി.12-1761/09/24-9-2010 |
| 06-07 | എൽ.എഫ്.ടി.12-1762/09/24-09-2010 |
| 07-08 | എൽ.എഫ്.ടി.12-853/11/29-11-11 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ടി.പി.3-1346/12/ 5-11-12/12-03-13 |
| 2011-12 | എൽ.എഫ്.ടി.പി.3-1101/13/ 17-01-14/12-03-14 |
| 2012-13 | എൽ.എഫ്.ടി.പി.3-588/2014/ 3-9-14/9-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 218/16-15.2.16 /11.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1274/16/28.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 2180/16/ 28.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1689/17 / 24.11.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 63/18 / .07.02.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 368/2020 / 21.05.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്